കേരളാലിമിറ്റഡ്

3. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ്
4. കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്
5. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്
6. കെൽട്രോൺ റെക്ടിഫൈയേഴ്സ് ലിമിറ്റഡ്
7. കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്
8. ട്രിവാൻട്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്.
9. സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്.
10. കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ്.

(ഇ) കെൽട്രോൺ പവ്വർ ഡിവൈസസ് ലിമിറ്റഡിനോട് പ്രവർത്തനം നിർത്തിവയ്ക്കുവാൻ ബി.എഫ്.ഐ.ആർ. നിർദ്ദേശിച്ചിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി)&(എച്ച്) ഉണ്ട്. പുനരുദ്ധാരണ ഫണ്ട് നടപ്പാക്കിയത് ഈ സ്ഥാപനങ്ങളുടെ മുൻസ്ഥിതി മെച്ചപ്പെടുത്തി ബി.ഐ.എഫ്.ആറിൽ നിന്നും വേർപെടുത്താനാണ്.

മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം

12 (2809)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. ദാസൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ :

(ബി) ധാതുക്കളുടെ ഖനനത്തിന് ലൈസൻസ് നൽകുന്നതിന് ഇന്ന് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൂടുതൽ കർശനമാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) അനധികൃതമായ ഖനനം കണ്ടുപിടിച്ച് കേസ്സ് ചാർജ്ജ് ചെയ്യുന്നതിന് കൂടുതൽ ഫീൽഡ് ജീവനക്കാരെ നിയമിക്കുമോ;

(ഡി) ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഓഫീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി 1997-ൽ പുതുതായി 6 ജില്ലാ ആഫീസുകൾ രൂപീകരിക്കുകയും അതുവഴി എല്ലാ ജില്ലകളിലും ആഫീസുകളുള്ള ഒരു വകുപ്പായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം വിപുലീകരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ പുനഃസംഘടനാനിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) 1957-ലെ മൈൻസഡ് ആന്റ് മിനറൽസ് റഗുലേഷൻ ആന്റ് ഡെവലപ്മെന്റ് ആക്ടും അതിന് അനുസൃതമായുള്ള 1960-ലെ മിനറൽ കൺസഷൻ റൂൾസ്, 1967-ലെ കെ.എം.എം.സി. ചട്ടങ്ങൾ എന്നിവയിൽ വിവക്ഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുവാൻ ഊർജ്ജിതമായ നടപടികൾ എടുക്കുന്നുണ്ട്.

(സി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് ജില്ലാതല ആഫീസുകൾ ഇല്ലാതിരുന്ന 6 ജില്ലകളിൽ 1997-ൽ ആഫീസ് തുടങ്ങുകയുണ്ടായി.

പൊതുമേഖലാ സ്ഥാപനങ്ങളിലെ വാളന്ററി റിട്ടയർമെന്റ്

13 (2810) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് മാത്യു :
ശ്രീ. കെ. സുധാകരൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് വാളന്ററി റിട്ടയർമെന്റ് മുഖേന ആരെയെങ്കിലും പിരിച്ചു വിട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രപേരെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നാണ് പിരിച്ചുവിട്ടത്.

(സി) ഇതിന്റെ ഫലമായി പ്രസ്തുത സ്ഥാപനങ്ങൾ ലാഭത്തിലായിട്ടുണ്ടോ :

(ഡി) തൊഴിലാളികൾക്ക് വാളന്ററി റിട്ടയർമെന്റ് നൽകിയ സ്ഥാപനങ്ങളിൽ പുതുതായി ആളുകളെ നിയമിച്ചിട്ടുണ്ടോ : എങ്കിൽ എത്ര പേരെ നിയമിച്ചു ?

ഉത്തരം

(എ) വാളന്ററി റിട്ടയർമെന്റ് സ്കീം മുഖേന ആരെയും പിരിച്ചുവിട്ടിട്ടില്ല. സ്വയം പിരിഞ്ഞു പോകാൻ താല്പര്യമുള്ളവർക്ക് അവസരം നൽകുന്നതേയുള്ളു.

(ബി&സി) ചോദ്യം ഉദിയ്ക്കുന്നില്ല.

(ഡി) സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വാളന്ററി റിട്ടയർമെന്റ് സ്കീം പ്രകാരം നഷ്ടപരിഹാരം വാങ്ങി സ്വമേധയാ പിരിഞ്ഞുപോയവരുടെ സ്ഥാനത്ത് പുതുതായി നിയമനം നടത്തുവാൻ പാടില്ല. മറിച്ച് നിയമനം നടത്തിയിട്ടുണ്ടോ എന്ന വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly